# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3130      21.08.2017-ലെ മറുപടിയ്ക്ക്

**പഞ്ചായത്ത്-നഗരസഭ- ഗ്രാമവികസന വകുപ്പ് സംയോജനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| (എ) പഞ്ചായത്ത്, നഗരസഭ, ഗ്രാമവികസനം എന്നീ വകുപ്പുകളുടെ സംയോജനം സംബന്ധിച്ച് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിനായി നിയോഗിച്ച കമ്മീഷന്റെ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, നഗര ഗ്രാമാസൂത്രണം, എഞ്ചിനീയറിംഗ് വിംഗ് എന്നീ വകുപ്പുകൾ ഏകീകരിച്ച് ഒറ്റ വകുപ്പാക്കുന്നതിനുള്ള നടപടികൾ ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ സ്വീകരിച്ചുവരുന്നു. ഏകീകരണത്തിനു മാത്രമായി പ്രത്യേക കമ്മീഷൻ രൂപീകരിച്ചിട്ടില്ല. നിലവിലുള്ള ലോക്കൽ ഗവണ്മെന്റ് കമ്മീഷനോട് ഏകീകരണം സംബന്ധിച്ച കരട് ചട്ടങ്ങൾ രൂപീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച പഠന റിപ്പോർട്ടല്ല മറിച്ച് കരട് ചട്ടമാണ് കമ്മീഷൻ തയ്യാറാക്കി സമർപ്പിക്കുന്നത്. കരട് ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) പ്രസ്തുത വകുപ്പ് സംയോജനം മൂലം പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ള പ്രൊമോഷൻ സാധ്യതകൾ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടോ;<br><br>(സി) നിലവിലെ സമാന തസ്തികകളിലെ സീനിയോറിറ്റിയും തുടർ പ്രൊമോഷനും എപ്രകാരം നടപ്പിലാക്കാനാണ് കമ്മീഷൻ ശിപാർശ ചെയ്യുന്നത്? | (ബി) & (സി) ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ കരട് ചട്ടങ്ങൾ തയ്യാറാക്കിയതിന് ശേഷം മാത്രമേ ഇക്കാര്യത്തിൽ വ്യക്തത വരുത്താൻ കഴിയൂ. |

സെക്ഷൻ ഓഫീസർ